# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2053 07.12.2015-ൽ മറുപടിയ്ക്ക്

## സമാന്തര പോലീസ് സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.അജിത് | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സമാന്തര പോലീസ് സംവിധാനം പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ; ഇതിനെതിരെ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് സമാന്തര പോലീസ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നതായി ഏതെങ്കിലും അന്വേഷണ റിപ്പോർട്ടുകളിൽ നിന്നോ, രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്ന കേസ്സുകളിൽ നിന്നോ വെളിവായിട്ടില്ലാത്തതാണ്. |
| (ബി) കൊച്ചിയിൽ സമാന്തര പോലീസ് സംവിധാനം നിലവിലുള്ളതായ റിപ്പോർട്ട് സംബന്ധിച്ച് ആഭ്യന്തര വകുപ്പ് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഇതിൽ സംസ്ഥാന പോലീസ് സർവ്വീസിലുള്ള ആർക്കെങ്കിലും പങ്കുള്ളതായി കണ്ടെത്തിയിട്ടുണ്ടോ എന്നും വെളിപ്പെടുത്തുമോ; | (ബി) കൊച്ചിയിൽ സമാന്തര പോലീസ് സ്റ്റേഷൻ പ്രവർത്തിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇക്കാര്യത്തിൽ കൊച്ചിയിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടില്ലാത്തതാണ്. |
| (സി) സമാന്തര പോലീസ് സംവിധാനം ഉള്ളതായ റിപ്പോർട്ട് സംസ്ഥാനത്ത് അരാജകത്വം സൃഷ്ടിക്കുമെന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ? | (സി) സംസ്ഥാനത്ത് സമാന്തര പോലീസ് സംവിധാനം ഉള്ളതായോ പ്രവർത്തിക്കുന്നതായോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ